SDOF SUNDAY

Vol. 01 No. 14 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 August 23

സെൻറ് ഡയനേഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് തുമ്പമൺ ഡിസ്ട്രിക്ട് സമ്മേളനം ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് ആഗോള തീർത്ഥാടന കേന്ദ്രത്തിൽ കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു. റോയി സാമുവൽ ഷിജു തങ്കച്ചൻ ,ബിജു വർഗീസ് പള്ളിയേനാത്ത്, സിബി ജോസ്, റെജി വർഗീസ്, ഫാ.ജോബിൻ എബ്രഹാം, ബിജു ഏബ്രഹാം കൂടൽ, അനിത സാം, ടീന എലിസബത്ത് തോമസ്, ഫാ. സുനിൽ എബ്രഹാം, എം. പി. ഷാജി എന്നിവർ സമീപം.

സമൂഹത്തിന്റെ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോഴാണ് വിശ്വാസം സാക്ഷ്യമായി മാറുന്നത്

ചന്ദനപ്പള്ളി: വിശ്വാസം സഭയ്ക്കുള്ളിൽ മാത്രം ഒതുങ്ങേണ്ടതല്ലെന്നും സമൂഹത്തിന്റെ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോഴാണ് വിശ്വാസം സാക്ഷ്യമായി മാറുന്നതെന്നും സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെല്ലോഷിപ്പ് (SDOF) തുമ്പമൺ ഡിസ്ട്രിക്ട് സംഗമം ആഗോള തീർത്ഥാടന കേന്ദ്രമായ ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജീവിതത്തിന്റെ മധ്യഘട്ടത്തിൽ ലഭിക്കുന്ന അനുഭവസമ്പത്തും കഴിവുകളും സമൂഹ നന്മയ്ക്കായി വിനിയോഗിക്കാൻ ഓരോ അംഗവും തയ്യാറാകണം. കാലത്തിന്റെ മാറ്റങ്ങളെ ഭയപ്പെടാതെ, കാലത്തിനൊപ്പം സഞ്ചരിച്ച് സമൂഹത്തിന് ദിശാബോധം നൽകുന്ന കൂട്ടായ്മയായി മാറണം.

കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും യുവതലമുറയ്ക്ക് മാർഗനിർദേശം നൽകുന്നതിനും സാമൂഹിക പ്രതിസന്ധികളിൽ കൈത്താങ്ങാകുന്നതിനും എല്ലാവരും മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

SDOF തുമ്പമൺ ഡിസ്ട്രിക്ട് പ്രസിഡന്റ് ഫാ. സുനിൽ ഏബ്രഹാം അധ്യക്ഷത വഹിച്ചു. ഇടവക അസി. വികാരി ഫാ. ജോബിൻ യോഹന്നാൻ, ഭദ്രാസന സെക്രട്ടറി ബിജു ഏബ്രഹാം കൂടൽ, ഡിസ്ട്രിക്ട് കോർഡിനേറ്റർ ബിജു വർഗീസ് പള്ളിയേനാത്ത്, ഭദ്രാസന ട്രഷറാർ റെജി വർഗീസ്, മേഖല കോർഡിനേറ്റർ സിബി ജോസ്, ഇടവക ട്രസ്റ്റി ഷിജു തങ്കച്ചൻ, ഭദ്രാസന അസംബ്ലി അംഗം അനിത സാം, യൂണിറ്റ് വൈസ് പ്രസിഡന്റ് റോയി സാമുവേൽ, സെക്രട്ടറി എം. പി ഷാജി എന്നിവർ പ്രസംഗിച്ചു.

ആധുനിക സമൂഹവും ജീവിത ശൈലിയും എന്ന വിഷയത്തെക്കുറിച്ച് മുത്തൂറ്റ് നേഴ്സിംഗ് കോളേജ് അസോ. പ്രൊഫ. ടീന എലിസബേത്ത് തോമസ് ക്ലാസ് നയിച്ചു. വിവിധ യൂണിറ്റ് സെക്രട്ടറി മാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

മലബാർ, സുൽത്താൻ ബത്തേരി, ബ്രഹ്മവാർ സോണൽ സെക്രട്ടറി ജോൺ എബ്രഹാം ചീരമറ്റം SDOF Sunday 13-ാം ലക്കം പ്രകാശനം ചെയ്തു. മലങ്കര സഭാ മാനേജിങ് കമ്മിറ്റി അംഗം സാജൻ ജോർജ്, സഭാ മാനേജിങ് കമ്മിറ്റി മുൻ അംഗം പി. യു. ഷാജൻ, SDOF കേന്ദ്ര കമ്മിറ്റി അംഗവും സഭാ മാനേജിംഗ് കമ്മിറ്റി മുൻ അംഗവുമായ ഷാലു ജോൺ എന്നിവർ സമീപം.

പുന്നമൂട് മാർ ഗ്രിഗോറിയോസ് ഓർത്തഡോക് ഇടവക എസ്. ഡി.ഒ.എഫ് യൂണിറ്റിന്റെ നേതൃത്വത്തിൽ പൗലോസ് മാർ പക്കോമിയോസ് കാരുണ്യ ഭവൻ സന്ദർശിക്കുകയും ഭക്ഷണം ക്രമീകരിക്കുകയും ചെയ്തു.

SDOF SUNDAY

Vol. 01, No. 14, 2026 August 23

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan
9447453341

Chief Editor
Raj Philip
9495381943

Editorial Board Members

Prinu T Mathews
Santhosh Daniel

Technical Advisor
Dr. Oommen K. Mathew

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following
E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

9-ാം സങ്കീർത്തനം

വിശ്വാസ ദർശനത്തിലെ ആത്മശക്തിയുടെ വീണ്ടെടുപ്പ്

ആമുഖം

ദൈവത്തിന്റെ നീതി, കരുണ, പരമാധികാരം, മനുഷ്യന്റെ പ്രത്യാശ എന്നിവയെ ഒരുമിച്ച് അവതരിപ്പിക്കുന്ന പ്രധാനപ്പെട്ട സങ്കീർത്തനങ്ങളിൽ ഒന്നാണിത്. ദൈവത്തെ സ്തുതിക്കുന്ന വ്യക്തിപരമായ അനുഭവത്തിൽ നിന്നാരംഭിച്ച്, ദുഷ്ടതയ്ക്കും അനീതിയ്ക്കും എതിരായ ന്യായവിധിയിലേക്കും, ഒടുവിൽ ദരിദ്രരും പീഡിതരുമായവരുടെ അഭയസ്ഥാനമായ ദൈവത്തിങ്കലേക്കും, പുത്രമരണ രാഗത്തിൽ ദാവീദ് ചമച്ച ഈ സങ്കീർത്തനം നമ്മെ നയിക്കുന്നു. ആയതിനാൽ ഇത് വ്യക്തിഗത വിലാപമോ, നന്ദിഗീതമോ മാത്രമല്ല, ദൈവത്തിന്റെ രാജത്വത്തെയും നീതിയെയും വിശ്വാസിയുടെ ജീവിതത്തിലെ പ്രത്യാശയെയും പ്രഖ്യാപിക്കുന്ന ദൈവശാസ്ത്രപരമായ ഒരു സാക്ഷ്യമാണ്.

എന്താണ് പുത്രമരണ രാഗം:

1. പ്രവാസാനന്തര കാലഘട്ടത്തിൽ പ്രാദേശിക തലത്തിൽ ഉപയോഗിച്ചിരുന്ന ഒരു രാഗമായി വിവരിക്കുന്നവരുണ്ട്.

2. മതാധിഷ്ഠിതമായ ഒരു പശ്ചാത്തലം എടുക്കുകയാണെങ്കിൽ, മിസ്രായീമ്യ അടിമത്വത്തിൽ നിന്ന് മോചിതരാകുവാനുള്ള പുറപ്പാടിന്റെ പശ്ചാത്തലത്തിൽ 10-ാം ബാധയായ കടിഞ്ഞൂൽ സംഹാരത്തിൽ മൂത്തപുത്രൻ മരിക്കുന്ന അനുഭവത്തിൽ നിന്നുള്ള വിലാപഗീതമായും വിജയധ്വനികളായും അവതരിപ്പിക്കുന്നവരുമുണ്ട്.

സംഗ്രഹം: സങ്കീ. 9:1-10 ദേവസ്തുതികളും യഹോവ നീതിമാനായ ന്യായാധിപനും.

സങ്കീ. 9:11-14 കൃപയ്ക്കായുള്ള യാചനയും സീയോനിൽ വസിക്കുന്ന ദൈവത്തിനുള്ള സ്തോത്രവും.

സങ്കീ. 9 : 15-20 ദുഷ്ടന്മാരുടെ ഗതിയും രാഷ്ട്രങ്ങളിൽ മേലുള്ള ന്യായവിധിയും.

1. ദേവസ്തുതിയുടെ ആത്മീയതയും ദൈവാന്വേഷണത്തിലെ ആദ്ധ്യാത്മിക പ്രബുദ്ധതയും

സങ്കീ. 9:1 ഞാൻ പൂർണ്ണഹൃദയത്തോടെ യഹോവയെ സ്തുതിക്കും. നിന്റെ അദ്ഭുതങ്ങളെയൊക്കെയും വർണിക്കും. സങ്കീ. 9:10 നിന്റെ നാമത്തെ അറിയുന്നവർ നിങ്കൽ ആശ്രയിക്കും. യഹോവേ, നിന്നെ അന്വേഷിക്കുന്നവരെ നീ ഉപേക്ഷിക്കുന്നില്ലല്ലോ!

ദാവീദിന് അഭിമുഖീകരിക്കേണ്ട വന്ന പീഡനങ്ങളുടെയും, ദുഷ്ടന്റെ തീയമ്പുകളുടെ മദ്ധ്യത്തിലും, സാമൂഹിക നാശം വിതച്ച ശത്രുപരീക്ഷണങ്ങളുടെയും, ദൈവവിരുദ്ധരുടെ നശീകരണ വാഴ്ചയുടെ നടുവിലും, ദൈവത്തിന്റെ ഇടപെടൽ ഓർത്തും, ചെയ്ത നന്മകളെ പ്രകീർത്തിച്ചും, മഹത്തരങ്ങളായ അത്ഭുതങ്ങളെ വർണിച്ചുംകൊണ്ട്, അനുഗ്രഹദാതാവിൽ പൂർണ്ണമായി പ്രത്യാശ കണ്ടെത്തുകയാണ്. ദാവീദ് തന്റെ ജീവിതത്തിലെ മുറിവുകളെക്കാൾ, ദൈവത്തിന്റെ അത്ഭുതങ്ങളെ എണ്ണുകയാണ്. വി. അഗസ്തിനോസിന്റെ വാക്കുകൾ ഇപ്രകാരമാണ്. ദൈവത്തിന്റെ പരിപാലനത്തെ സംശയിക്കുന്നവൻ പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്തുതിക്കുന്നില്ല . വി. കുർബ്ബാനക്സായിലൂടെ നാം പ്രാർത്ഥിക്കുന്നു കർത്താവേ, രക്ഷാകരമായ സകല അദ്ഭുതപ്രവൃത്തികളെയും (ദൈവത്തിന്റെ സൃഷ്ടി, രക്ഷ, കരുണ, ക്രിസ്തുവിന്റെ മനുഷ്യാവതാരം, ക്രൂശുമരണം, ഉയിർപ്പ് എന്നിവ) നിന്റെ സഭ ഓർക്കുന്നു എന്ന്. ഓർത്തഡോക്സ് ആരാധനയുടെ കേന്ദ്രം തന്നെ യൂക്കാറിസ്റ്റിയ എന്നതാണ്. അർത്ഥം കൃതജ്ഞത, സ്തോത്രാർപ്പണം എന്നതാണ്.

ആരാണ് ദൈവത്തെ അറിയുന്നവരും, അന്വേഷിക്കുന്നവരും

യെശയ്യാവ് 55:6 യഹോവയെ കണ്ടെത്താകുന്ന സമയത്ത് അവനെ അന്വേഷിപ്പീൻ. അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പീൻ. ദൈവത്തിന്റെ ഭാഗത്തുനിന്നു മനുഷ്യന്റെ നേർക്കുള്ള മാറ്റമില്ലാത്ത ദയാവായ്പിനെയും ഉദ്ധാരണത്തെയും വ്യക്തമാക്കുമ്പോൾ, ദൈവത്തെ അറിയുവാനും അന്വേഷിക്കുവാനും ഉത്സാഹിക്കേണ്ടത് മനുഷ്യന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ട കാര്യമാണ്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ ദൈവാന്വേഷണം ഒരു ബൗദ്ധികജ്ഞാനത്തിനു വേണ്ടിയുള്ള ഒരു പശ്ചാത്തലം എന്നതോ, ഒരു പ്രശ്നപരിഹാര മാർഗ്ഗത്തിനു വേണ്ടിയുള്ളതോ അല്ല പിന്നയോ, ദൈവത്തോടുള്ള നിരന്തര സംസർഗ്ഗത്തിലൂടെ ദൈവീകരണം പ്രാപിക്കുവാനുള്ള സഞ്ചാരമാണ്. വി. അഗസ്തിനോസ്:- ലോകാസക്തിയിൽ നിന്ന് തിരിയാതെ ദൈവത്തെ അന്വേഷിച്ച് കണ്ടെത്താൻ കഴിയുകയില്ല.

2. ദൈവാശ്രിതന്റെ അചഞ്ചലമായ പ്രത്യാശയും ദൈവവിരുദ്ധരുടെ നാശവും:-

സങ്കീ. 9:17,18 ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും പാതാളത്തിലേക്ക് തിരിയും. ദരിദ്രനെ എന്നേക്കും മറന്നുപോകയില്ല. സാധുക്കളുടെ പ്രത്യാശയ്ക്ക് എന്നും ഭംഗം വരികയുമില്ല.

ദുഷ്ടന്മാരുടെ ശക്തി അന്തിമമല്ലെന്നും, അനീതി ശാശ്വതമല്ലെന്നും ദൈവം ന്യായാധിപനായി, മനുഷ്യരുടെ പ്രവൃത്തികളെ നീതിയോടെ വിധിക്കുമെന്നും, ദാവീദ് സ്വാനുഭവത്തിലൂടെ വിവരിക്കുകയാണ്, എന്നതു അർത്ഥമാക്കുന്നത്, ദൈവം പീഡിതർക്കുള്ള അഭയസ്ഥാനവും, മനുഷ്യരുടെ അധികാരവും ശക്തിയും പരാജയപ്പെടുമ്പോൾ ദൈവീക സാന്നിദ്ധ്യം വിശ്വാസിയുടെ കോട്ടയായി മാറും എന്നുള്ളതുമാണ്. ക്രിസ്തുവിൽ ഇത് പൂർണ്ണമായി നിറവേറപ്പെട്ടു. ക്രിസ്തുവിന്റെ രക്ഷാപ്രവൃത്തിയിൽ, തകർന്നവരുടെയും പീഡിതരുടെയും രക്ഷകനായി, നീതിയും സത്യവും വെളിപ്പെടുത്തി തന്നു. ആയതിനാൽ ഇത് പുരാതന ഇസ്രായേലിന്റെ ഒരു വിജയഗീതം എന്നതിലുപരി, സഭയുടെ പ്രാർത്ഥനയിൽ ജീവിക്കുന്ന ദൈവശാസ്ത്ര സാക്ഷ്യമാണ്. മനുഷ്യന്റെ ശക്തി പരിമിത

(ശേഷം ആറാം പേജിൽ)

ആത്മീയതയ്ക്ക് പരസ്യം ആവശ്യമില്ല

(വാങ്ങിപ്പു പെരുന്നാളിനുശേഷം മൂന്നാം ഞായർ)

വി. മത്തായി 17:22-27



ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

യേശു ദൈവപുത്രനാണെന്ന് സ്വയം വെളിപ്പെടുത്തിയ അനുഭവം തുലോം കുറവാണ്. പലപ്പോഴും അദ്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു കഴിയുമ്പോൾ 'ഇത് ആരോടും പറയരുത്' എന്ന നിർദ്ദേശമാണ് പൊതുവേ, യേശു ശിഷ്യന്മാർക്ക് നൽകിയിരുന്നത്. എന്നാൽ, താൻ രാജാവായ ദൈവത്തിന്റെ പുത്രനാണെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നതിന്റെ ഒരു തെളിവാണ്, ഇന്നത്തെ വി. ഏവൻഗേലിയോൻ ഭാഗത്ത് നാം ശ്രദ്ധിക്കുന്നത് (വി. മത്തായി 17:22-27).

കഷ്ടതകളുടെയും പുനരുത്ഥാനത്തിന്റേയും മുന്നറിവ്

ദൈവപുത്രനായ യേശുക്രിസ്തു, മനുഷ്യരുടെ കൈയിൽ ഏല്പിക്കപ്പെടുമെന്നും അവർ അവനെ കൊല്ലുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുമെന്നുള്ളത് പ്രവചിക്കപ്പെട്ടിട്ടുള്ളതാണ്. യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് ആ വിവരം സ്ഥിരമായി ഓർമ്മിപ്പിച്ചുകൊണ്ടേയിരുന്നു (വാ. 22,23). ഇത് ആവർത്തിച്ചു പറയുമ്പോൾ, ശിഷ്യന്മാർ ഏറ്റവും ദുഃഖിക്കുന്ന അനുഭവം ഉണ്ടാകുന്നതായി വി. സുവിശേഷ ഭാഗങ്ങൾ വിവരിക്കുന്നുണ്ട്. ശിഷ്യന്മാർക്ക്, തന്റെ വേർപാടിന്റെ വിവരം കർത്താവ് തന്നെ വെളിപ്പെടുത്തുകയും അവരെ മാനസികമായി ധൈര്യപ്പെടുത്തി ഉറപ്പിക്കുകയുമാണ് ചെയ്യുന്നത്.

"നാം യെരുശലേമിലേക്കു പോകുന്നുവല്ലോ. അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും ഏല്പിക്കപ്പെടും. അവർ അവനെ മരണശിക്ഷ കല്പിച്ചു, പരിഹസിക്കുവാനും തല്ലുവാനും ക്രൂശിക്കുവാനും അവനെ ജാതികൾക്ക് ഏല്പിക്കും, എന്നാൽ മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേൽക്കും" (വി. മത്തായി 20:18, 19).

"എനിക്ക് ഒരു സ്നാനം ഏൽക്കുവാൻ ഉണ്ട്; അത് കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു" (വി. ലൂക്കോസ് 12:50).

"മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു" (വി. യോഹന്നാൻ 3:14).

ആത്മീയതയ്ക്ക് പരസ്യം ആവശ്യമില്ല

യഥാർത്ഥ ആത്മീയത, ദൈവവുമായുള്ള ബന്ധത്തിൽ നിന്നുണ്ടാകേണ്ടതാണ്. ദൈവത്തെ മാത്രം കാണിക്കുവാനും ദൈവപ്രീതി സമ്പാദിക്കുവാനുമുള്ള മാർഗ്ഗമാകണം യഥാർത്ഥ ആത്മീയത. മനുഷ്യരെ കാണിക്കുവാനും ബോധ്യപ്പെടുത്തുവാനുമുള്ളതല്ല ആത്മീയത.

യേശുവും ശിഷ്യന്മാരും കഫർന്നഹൂമിൽ എത്തിയപ്പോൾ ദ്വിദ്രഹമപ്പണം വാങ്ങുന്നവർ പത്രോസിന്റെ അടുക്കൽ വന്നു; നിങ്ങളുടെ ഗുരു കരം കൊടുക്കുന്നില്ലയോ എന്നു ചോദിക്കുന്നുണ്ട്. ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ, കരമോ തന്റെ പുത്രന്മാരോട് വാങ്ങുകയില്ലല്ലോയെന്നും പുത്രന്മാർ ഒഴിവുള്ളവരാണെന്നും യേശു, ശിഷ്യന്മാരോട് കല്പിക്കുന്നുമുണ്ട്. എങ്കിലും അവർക്ക് ഇടർച്ച വരുത്താതിരിക്കേണ്ടതിന്, കരം കൊടുക്കുവാൻ യേശു, വഴിപറഞ്ഞു കൊടുക്കുന്നു (വാ. 24, 25, 26).

താൻ ദൈവപുത്രൻ ആണെന്നോ തന്റെ ദൈവീകതയും ആത്മീയതയും വെളിപ്പെടുത്തുവാനോ യേശു തയ്യാറായില്ല. യഥാർത്ഥ ആത്മീയത ഉള്ളവരുടെ പ്രത്യേകതയാണിത്. പ്രാർത്ഥിക്കുന്നതും ആത്മീയചര്യകൾ നടത്തുന്നതും മറ്റു മനുഷ്യരെ കാണിക്കുവാനോ ബോധ്യപ്പെടുത്തുവാനോ അല്ല; മറിച്ച് രഹസ്യമായി ദൈവത്തിന്റെ മുമ്പിൽ മാത്രം അറിയിക്കുവാനും വെളിപ്പെടുത്തുവാനുമാണ് ആഗ്രഹിക്കുന്നത്.

യേശുക്രിസ്തുവിന്റെ ജീവിതത്തിലും ഉപദേശങ്ങളിലും ഇത് വ്യക്തമായി കാണുന്നുണ്ട്. "ഭിക്ഷ കൊടുക്കുമ്പോൾ രഹസ്യത്തിലായിരിക്കണം; വലംകൈ ചെയ്യുന്നത് എന്ത് എന്ന് ഇടംകൈ അറിയരുത്" (വി. മത്തായി 6:3), പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും (വി. മത്തായി 6:5), ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത് (വി. മത്തായി 6:16). യേശു അടയാളങ്ങളും അദ്ഭുതങ്ങളും പ്രവർത്തിച്ചു കഴിയുമ്പോൾ 'ഇത് ആരോടും പറയരുത്' എന്ന നിർദ്ദേശം നൽകുന്നത് പല സംഭവങ്ങളിലും കാണാം.



യഥാർത്ഥ ആത്മീയത നാട്യമോ അഭിനയമോ പ്രകടനപരതയോ ഉള്ളതല്ല. പത്ര, ദൃശ്യ, സമൂഹ മാധ്യമങ്ങളുടെ അതിപ്രസരവും അമിത ഉപയോഗവും ആത്മീയതയെ വില്പനചരക്കാക്കുന്ന കാലമാണിത്. ആയതിനുവേണ്ടി 'പരസ്യം' നൽകി ആത്മീയത വിൽക്കുന്ന സമ്പ്രദായമാണ് ഇന്ന് നാം കാണുന്നത്. ക്രിസ്തീയ ആത്മീയതയുടെ അന്തഃസത്ത യേശുവിൽ നിന്നാണ് നാം പഠിക്കുന്നതും പഠിക്കേണ്ടതും. താൻ ദൈവപുത്രനാണെന്ന് വെളിപ്പെടുത്താതെ രാജ്യത്തിന്റെ നിയമത്തിനും ഭരണഘടനയ്ക്കും വിധേയമായ യേശുക്രിസ്തു ആയിരിക്കണം നമ്മുടെ ജീവിതമാതൃക.

സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യരുത്

സ്വാതന്ത്ര്യം എന്നത് മനുഷ്യജീവിതത്തിന്റെ ഭാഗമായ വിഷയവും ആശയവുമാണ്. വ്യക്തി, കുടുംബം, സമൂഹം, സഭ, രാജ്യം എന്നീ തലങ്ങളിലെല്ലാം സ്വാതന്ത്ര്യം നിലനിൽക്കുന്നു. പ്രധാനമായും രണ്ടുതരത്തിലുള്ള സ്വാതന്ത്ര്യമാണ് നിലനിൽക്കുന്നത്. ഒന്ന്, ലിഖിത നിയമങ്ങൾക്കടിസ്ഥാനപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യം. രണ്ട്, അലിഖിത നിയമം. ലിഖിതനിയമം എന്നത് രാജ്യം, മതം, സഭ എന്നിവയുടെ എഴുതപ്പെട്ടിട്ടുള്ള നിയമവും ഭരണഘടനയും അനുസരിച്ചുള്ള സ്വാതന്ത്ര്യമാണ്. അലിഖിതം എന്നത് മനുഷ്യരുടെ മനസ്സാക്ഷി, വിവേകം, മര്യാദ, യുക്തി തുടങ്ങിയവയിൽ അടിസ്ഥാനപ്പെട്ടതാണ്.

സ്വാതന്ത്ര്യം കൂടുതൽ ദുർവിനിയോഗം ചെയ്യുന്നത് പദവികളിലും സ്ഥാനങ്ങളിലും ഉള്ളവരാണ്. ഓരോ മനുഷ്യരും ഓരോ പദവികൾ, സ്ഥാനങ്ങൾ അലങ്കരിക്കുന്നവരാണ്. യേശുക്രിസ്തു തന്റെ പദവിയും സ്ഥാനവും അടിസ്ഥാനമാക്കി സ്വാതന്ത്ര്യത്തെ ദുർവിനിയോഗം ചെയ്തില്ല എന്നതാണ് ഇന്നത്തെ വി. സുവിശേഷഭാഗത്ത് നാം പഠിക്കുന്നത്.

യേശുക്രിസ്തുവിന്റെ അടുക്കൽ നികുതി പിരിക്കുന്നവർ എത്തിയപ്പോൾ, യേശു രാജാവിന്റെ പുത്രൻ ആയതുകൊണ്ട്, നികുതിയിൽ നിന്ന് ഇളവുള്ള വ്യക്തിയാണ് എന്ന് ധരിപ്പിക്കുന്നെങ്കിലും രാജ്യനിയമം അനുസരിച്ച് കരം കൊടുക്കുവാൻ തയ്യാറായി. തനിക്കുള്ള സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യാതെ നിയമങ്ങൾക്കും തത്വസംഹിതകൾക്കും വിധേയമായി വർത്തിക്കുകയായിരുന്നു (വാ. 27).

യേശു പത്രോസിനോട് കല്പിച്ചത് 'നാം അവർക്കു ഇടർച്ച വരുത്താതിരിക്കേണ്ടതിന്, നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്കുക, അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹമപ്പണം കാണും. അത് എടുത്ത് എനിക്കും നിനക്കും വേണ്ടി കൊടുക്കുക' എന്നാണ്.

❑

വിശുദ്ധ മാമോദീസാ

ഫാ. ഡോ. ബി. വറുഗീസ്

1.1 മാമോദീസാ എന്നാൽ എന്ത്?

ക്രിസ്തുവിനോട് ചേരുന്നതിനാണ് മാമോദീസാ ഏൽക്കുന്നത്. "ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു." (ഗലാത്യർ 3:27)

ക്രിസ്തുവിനോട് ചേരുക എന്നു പറഞ്ഞാൽ ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്നതാണ്. "യേശു ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" (റോമൻ 6:3-5). പഴയ മനുഷ്യൻ മരിക്കുകയും, ക്രിസ്തുവിൽ പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. ഇതിനെ പുതിയ നിയമത്തിൽ വീണ്ടും ജനനം എന്നും വിളിക്കുന്നു (യോഹ: 3:3-5). നാം ദൈവമക്കളായി വീണ്ടും ജനിക്കുന്നു. അതുവഴി ദൈവരാജ്യത്തിന്റെ പൗരന്മാരായിതീരുന്നു. (ഗലാത്യർ 4:4-7, റോമർ 8:14-17)

1.2 മാമോദീസാ എന്തിനുവേണ്ടി?

ക്രിസ്തുവിനോടു ചേരുന്നതിനും അതുവഴി ദൈവമക്കളായി വീണ്ടും ജനിക്കുന്നതിനുമാണ് നാം മാമോദീസാ ഏൽക്കുന്നത്.

1.3 ശിശുസ്നാനം എന്തിന്?

വിശ്വാസികളുടെ കുഞ്ഞുങ്ങൾ ക്രിസ്തുവിനോട് ചേരുന്നതിനും, അതുവഴി ദൈവമക്കളായി തീരുന്നതിനുമാണ് അവരെ ശൈശവ പ്രായത്തിൽ സ്നാനം കഴിപ്പിക്കുന്നത്. മാമോദീസാ വഴി അവർ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗങ്ങളായിത്തീരുന്നു. (എഫെ. 5:30, 1കൊരി 12:13)

"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത്; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" (മത്തായി 19:14) എന്ന് ക്രിസ്തുതന്നെ പറയുന്നതിനാൽ ശിശുക്കൾക്ക് മാമോദീസാ നൽകുന്നതിനെ താൻ വിലക്കുന്നില്ലെന്ന് വ്യക്തമാണ്.

1.4 മാമോദീസായുടെ മറ്റു പേരുകൾ ഏവ?

'വീണ്ടും ജനനം' (യോഹ:3:3-5), പുതിയ സൃഷ്ടി (2 കൊരി 5:17), മുദ്ര - സീൽ (2 കൊരി 1:21-22, എഫെ. 1:14; 4.30; വെളിപാട് 7:3), പരിശുദ്ധാത്മാവിന്റെ നവീകരണം (തീത്തോസ് 3:6-7).

1.5 നടത്തേണ്ടത് എപ്പോൾ?

വി. കുർബ്ബാനക്ക് മുമ്പ് മാമോദീസാ നടത്തുന്ന രീതിയാണ് നാലാം നൂറ്റാണ്ടുമുതൽ സഭയിൽ കണ്ടുവന്നിരുന്നത്. എന്നാൽ ഇന്ന് മിക്ക സഭകളിലും, വി. കുർബ്ബാനക്കു ശേഷമാണ് മാമോദീസാ നടത്തുന്നത്. എന്നാൽ പ്രത്യേക സന്ദർഭങ്ങളുടെ ഗൗരവമനുസരിച്ച് മാമോദീസാ നൽകുവാൻ വൈദികന് അനുവാദമുണ്ട്.

2 ഒരു കുഞ്ഞു ജനിച്ച ശേഷം എന്നാണ് മാമോദീസ നൽകേണ്ടത്?

അമ്പത്തിആറ് ദിവസം കഴിഞ്ഞ് മാമോദീസ നൽകുന്ന രീതിയാണ് മലങ്കരസഭയിൽ ദീർഘനാളായി നിലവിലുള്ളത്. മാതാവിന്റെ ശാരീരികാവസ്ഥ, കുഞ്ഞിന്റെ ആരോഗ്യം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ഈ രീതി സ്വീകരിച്ചത്. പുരാതന കാനോനുകളിൽ ഇതെപ്പറ്റി ഏതെങ്കിലും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. വിദേശ മലയാളികളുടെ കുഞ്ഞുങ്ങളെ അമ്പത്തിആറു ദിവസങ്ങൾക്ക് മുമ്പോ ചിലപ്പോൾ ഏതാനും മാസങ്ങൾക്കുശേഷമോ, മാമോദീസാ കഴിപ്പിക്കുന്നത് ഇന്ന് സാധാരണയായി കഴിഞ്ഞിരിക്കുന്നു. യഹൂദന്മാർക്കിടയിൽ പ്രസവത്തിനുശേഷം ആൺകുഞ്ഞെങ്കിൽ നാല്പതു ദിവസവും, പെൺകുഞ്ഞെങ്കിൽ എൺപതു ദിവസവും മാതാവിനെ അശുദ്ധയായി കണക്കാക്കിയിരുന്നു. ഇതിന് 'ശുദ്ധീകരണകാലം' (ലൂക്കോസ് 2:22) എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത്തരത്തിലുള്ള ചില ആചാരങ്ങൾ മദ്ധ്യപൂർവ്വദേശത്തെ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായിരുന്നു.

3. മാമോദീസായ്ക്കുള്ള തയ്യാറെടുപ്പുകൾ ഏവ?

കുഞ്ഞിന്റെ മാതാപിതാക്കൾ, തലതൊടുന്നയാൾ തുടങ്ങി ഏറ്റവും അടുത്ത ബന്ധുക്കൾ കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കണം. ഒന്നു മുതൽ മൂന്നു ദിവസം വരെ ഉപവസിക്കുന്നതും നല്ലതാണ്. ഏതാനും ആഴ്ചകൾക്ക് മുമ്പു തന്നെ ഇടവക വികാരിയെ കണ്ട് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതാണ്

അഭികാമ്യം. വലിയ ഇടവകകളിൽ കഴിയുന്നത്ര ഞായറാഴ്ച മാമോദീസ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ധൂപപ്രാർത്ഥന, വിവാഹം, പള്ളി കമ്മറ്റി തുടങ്ങി പല കാര്യങ്ങളും വൈദികന് ഞായറാഴ്ചകളിൽ നടത്തേണ്ടതുള്ളതിനാൽ ധൃതിയിൽ മാമോദീസാ നടത്തി, അതിന്റെ ഗൗരവവും, അർത്ഥവും നഷ്ടമാകാതിരിക്കുവാൻ ഇത് സഹായിക്കും.

4. മാമോദീസാ നടത്തുവാൻ അനുവാദമില്ലാത്ത ദിവസങ്ങൾ ഏവ്? എന്തുകൊണ്ട്.

വലിയനോമ്പിൽ, പാതിനോമ്പിനും ഈസ്റ്ററിനും ഇടയിൽ മാമോദീസാ നടത്താറില്ല. ഈ സമയത്ത് മാമോദീസാമുറി അടച്ചിടുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നു. മാമോദീസാ, കർത്താവിന്റെ ഉയിർപ്പിലുള്ള പങ്കാളിത്തം ആകയാൽ ഉയിർപ്പു പെരുന്നാൾ, സ്നാനത്തിന് ഏറ്റവും അനുയോജ്യമായ ദിവസമാണെന്ന് പൊതുവെ ചിന്തിച്ചിരുന്നു. വിശ്വാസബോധനം നടത്തിയിരുന്ന സ്നാനാർത്ഥികൾക്ക് സാധാരണ ഉയിർപ്പു പെരുന്നാളിലാണ് മാമോദീസാ നൽകിയിരുന്നത്. വലിയനോമ്പ് സ്നാനാർത്ഥികളുടെ പരിശീലനത്തിന്റെ അവസാന ഘട്ടമായിരുന്നു. പാതി നോമ്പുകഴിഞ്ഞാൽ തീവ്രമായ പരിശീലനം നൽകിയിരുന്നു. മാമോദീസായ്ക്കുള്ള ഒരുക്കമെന്ന നിലയിലാണ് പാതിനോമ്പിനും ഈസ്റ്ററിനും ഇടയിൽ മാമോദീസാ മുറി അടച്ചിട്ടിരിക്കുന്നത്.

5. മാമോദീസായിൽ സ്നാനാർത്ഥിക്ക് നൽകുന്ന പേരുകൾക്കുള്ള മാനദണ്ഡം എന്താണ്?

ക്രിസ്തീയ പേരുകൾ നൽകുന്ന രീതിയാണ് എല്ലാ സഭകളും അവലംബിച്ചിരിക്കുന്നത്. സഹദേന്മാരുടെയും വിശുദ്ധന്മാരുടെയും, ഓർമ്മദിവസങ്ങളിലോ, അവരുടെ കബറിട ദേവാലയങ്ങളിലോ മാമോദീസാ നടത്തുമ്പോൾ അവരുടെ പേരുകൾ നൽകുന്നതും സാധാരണമാണ്. പേര് 'ഐഡന്റിറ്റി'യുടെ സൂചനയാണ്. പുതിയ 'ഐഡന്റിറ്റി' സ്നാനമേൽക്കുന്നയാളിന് ലഭ്യമായിരിക്കുന്നു എന്ന അർത്ഥത്തിലാണ് പേര് നൽകുന്നത്. മലങ്കര നസ്രാണികളുടെ ഇടയിൽ വല്യപ്പൻ, വല്യമ്മ എന്നിവരുടെ പേരുകളാണ് സാധാരണ നൽകുന്നത്. തലമുറകളുടെ തുടർച്ച എന്ന അർത്ഥം ഇതിന് നൽകാവുന്നതാണ്.

6.1 തലതൊടുന്ന ആൾ ആവശ്യമുണ്ടോ?

പുറജാതിക്കാരനായ ഒരാൾ മാമോദീസാ ഏൽക്കുവാൻ ആഗ്രഹിച്ചാൽ, ഒരു സഭാംഗം അയാളെ ബിഷപ്പിന്റെ അടുക്കൽ കൊണ്ടുവന്ന്, സാക്ഷ്യം നൽകേണ്ടതുണ്ടായിരുന്നു. അയാൾക്ക് 'സ്പോൺസർ' എന്നും വഴികാട്ടിയെന്നും പേരുണ്ടായിരുന്നു. മാമോദീസാ ഏൽക്കാനുള്ള ആളിനെ സ്നാനാർത്ഥിയായി (Catechumen) സ്വീകരിച്ചിരുന്നു. അയാളുടെ വിശ്വാസ പരിശീലനത്തിനു മേൽനോട്ടം വഹിക്കുന്ന ചുമതല മേൽപ്പറഞ്ഞ വിശ്വാസിക്കാ

യിരുന്നു. ഇതിൽ നിന്നാണ് തല തൊട്ടപ്പൻ/അമ്മ (ഗോഡ്ഫാദർ, ഗോഡ് മദർ) എന്ന സ്ഥാനം ഉണ്ടാകുന്നത്. ശിശുക്കളുടെ കാര്യത്തിൽ വിശ്വാസബോധന ത്തിന്റെ ഉത്തരവാദിത്വം തലതൊടുന്നയാൾ ഏറ്റെടുക്കുന്നു. കൂട്ടുകുടുംബ സംവി ധാനത്തിൽ പിതാമഹൻ, പിതാമഹി എന്നിവരായിരുന്നു കുഞ്ഞുങ്ങളെ പ്രാർത്ഥ നകളും, വിശ്വാസത്തിന്റെ ആദ്യപാഠങ്ങളും പഠിപ്പിച്ചിരുന്നത്.

6.2. തല തൊടാനുള്ള അവകാശം ആർക്ക്? മറ്റ് സഭാംഗങ്ങളെ അനു വദിക്കാമോ?

സഭാവിശ്വാസികൾക്കു മാത്രമേ തലതൊടാൻ അവകാശമുള്ളു. അതായത് ഓർത്തഡോക്സ് സഭയിൽ വി. കുർബ്ബാന അനുഭവിക്കുവാൻ യോഗ്യതയുള്ള ആളിനു മാത്രമേ, കുഞ്ഞിന് തലതൊടുവാൻ യോഗ്യതയുള്ളൂ. മറ്റു സഭാംഗ ങ്ങളെ അനുവദിക്കുവാൻ സാധിക്കുകയില്ല. എന്നാൽ പിതാമഹൻ, മാതാമ ഹൻ തുടങ്ങിയവർ ഇതര സഭാംഗങ്ങൾ ആണെങ്കിൽ അവരുടെ പേരുകൾ നൽകാവുന്നതാണ്. എന്നാൽ ദേവാലയത്തിലെ ശുശ്രൂഷയിൽ കുഞ്ഞിനെ കൈകളിൽ വഹിച്ചുകൊണ്ട് പ്രാർത്ഥകളും, പ്രഖ്യാപനങ്ങളും നടത്തുന്നയാൾ ഓർത്തഡോക്സ് സഭാംഗമായിരിക്കണം.

7. മുതിർന്നവരുടെ മാമോദീസായുടെ തയ്യാറെടുപ്പുകൾ, നിയമനടപടികൾ, നടപടി ക്രമം ഏവ?

മാമോദീസ സ്വീകരിക്കുന്നവർ കുറെ ആഴ്ചകൾക്കോ, ദിവസങ്ങൾക്കോ മുമ്പ് വൈദികനെ സമീപിച്ച് തയ്യാറെടുപ്പുകൾ ആരംഭിക്കണം. അടിസ്ഥാന വിശ്വാസസത്യങ്ങളും, പ്രാർത്ഥനകളും പഠിപ്പിക്കണം, മാമോദീസാക്ക് മുമ്പ് മൂന്നു ദിവസമെങ്കിലും ഉപവസിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്. മാമോദീസാക്ക് മുമ്പായി കുമ്പസാരം നടത്തണം.

ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ, താൻ പരപ്രേരണകൂ ടാതെ സ്വമേധയാ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നുവെന്ന് മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം എഴുതിനൽകുന്നതും അത് നോട്ടറി പബ്ലിക്ക് സാക്ഷ്യപ്പെ ടുത്തുന്നതും നന്നായിരിക്കും.

ഞായറാഴ്ച പരസ്യമായി സ്നാനമേൽക്കുന്നതിന് പ്രയാസമുണ്ടെങ്കിൽ ഇട ദിവസം വി.കുർബ്ബാന അർപ്പിച്ച് നടത്താവുന്നതാണ്. പ്രായപൂർത്തിയായ സ്ത്രീകളുടെ മാമോദീസായിൽ, വസ്ത്രങ്ങൾ ധരിച്ചുകൊണ്ട്, എന്നാൽ ആഭ രണങ്ങൾ മാറ്റി, മുടി അഴിച്ചിട്ട് സ്നാനമേൽക്കുവാൻ നിർദ്ദേശിക്കണം. മാമോ ദീസാ തൊട്ടിക്കുമുകളിൽ, തല കുനിച്ച് നിൽക്കുമ്പോൾ തലയിൽ വെള്ളം കോരി ഒഴിച്ച് സ്നാനം നൽകണം, മൂറോൻ അഭിഷേകം നെറ്റിയിലും, കൈപ്പ ത്തിയിലും, കുരിശടയാളം വരച്ച് നടത്തേണ്ടതാണ്. പ്രായപൂർത്തിയായ പെൺകുട്ടികളുടെ ദേഹത്ത് കാർമ്മികൻ അഭിഷേകം ചെയ്യുന്നതിനെ ഡിഡാ സ്ക്കാലിയ വിലക്കുന്നുണ്ട്.

സാധാരണ മാമോദീസാ ശുശ്രൂഷ തന്നെയാണ് പ്രായപൂർത്തി ആയവർക്കും ഉപയോഗിക്കുന്നത്. തലതൊട്ടപ്പൻ, തലതൊട്ടമ്മ എന്നിവർ ആവശ്യമാണ്. എന്നാൽ 'സാത്താനെ ഉപേക്ഷിക്കുന്നു' 'മിശിഹായെ സ്വീകരിക്കുന്നു' എന്നീ പ്രഖ്യാപനങ്ങൾ സ്നാനാർത്ഥിതന്നെ ഏറ്റുപറയണം. തൽസമയം, തലതൊ ട്ടപ്പൻ കൈകളിൽ പിടിക്കേണ്ട ആവശ്യമില്ല.

8. മൂന്നുതരത്തിൽ സ്നാനാർത്ഥിയെ മുദ്രയിടുന്നു. എന്തുകൊണ്ട്? അർത്ഥം എന്ത്?

8.1 ഒന്നാമത്തെ മുദ്ര തൈലം കൂടാതെയാണ് നൽകുന്നത്. ഒരാളെ സ്നാനാർത്ഥിയായി സ്വീകരിക്കുമ്പോൾ ബിഷപ്പ് തലയിൽ കൈവെച്ച്, നെറ്റി യിൽ മുദ്രയിട്ടിരുന്നു. സ്നാനാർത്ഥിയായി സ്വീകരിക്കുന്നതിന്റെ സൂചനയാണി ത്. തുടർന്ന് പൈശാചിക ശക്തികളിൽ നിന്നും സ്നാനാർത്ഥി വിമുക്തനായി രിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നു. സ്നാനാർത്ഥി സാത്താനെ ഉപേക്ഷിക്കുക യും, മിശിഹായെ സ്വീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന് സമർപ്പിക്കു മ്പോൾ, സഭ കുഞ്ഞിനെ സ്വീകരിച്ച് 'മിശിഹായുടെ മുദ്ര' നൽകി സ്നാനത്തി നായി ഒരുക്കുന്നു എന്ന അർത്ഥം നൽകാവുന്നതാണ്.

8.2 രണ്ടാമത്തെ മുദ്ര സൈത്ത് കൊണ്ട് നെറ്റിയിൽ നൽകുന്നു. മാമോദീ സായ്ക്കു മുമ്പ് പ്രാർത്ഥിച്ച ഒലിവ് എണ്ണ (സൈത്ത്) കൊണ്ടും, മാമോദീസാക്കു ശേഷം വി.മൂറോൻ തൈലം കൊണ്ട് നെറ്റിയിലും, ദേഹത്തും അഭിഷേകം ചെയ്യുന്ന രീതി അതിപുരാതനമാണ്. സൈത്തുകൊണ്ട് നെറ്റിയിൽ അഭിഷേകം നൽകുന്നത്, 'മിശിഹായെ സ്വീകരിക്കുന്നു' എന്ന പ്രഖ്യാപനത്തിനും വിശ്വാസപ്രമാണത്തിനും ശേഷമാണ്. ഇതിന്റെ അർത്ഥത്തെപ്പറ്റി തൽസമയ ത്തുള്ള പ്രാർത്ഥനയിൽ സൂചനയുണ്ട്. 'വീണ്ടും ജനനത്താൽ പുത്രസ്വീകാര ത്തിന് അർഹനായി തീരുവാൻ വേണ്ടി, സന്തോഷതൈലത്താൽ, പിതാ വിന്റെയും, പുത്രന്റെയും ജീവനുള്ള പരിശുദ്ധ റൂഹായുടെയും നാമത്തിൽ, നിത്യജീവനായി... മുദ്രകുത്തപ്പെടുന്നു'.

മാമോദീസായ്ക്കുള്ള ഒരുക്കമായിട്ടാണ് ഈ അഭിഷേകം നൽകുന്നത്. "സന്തോഷ തൈലം" (സങ്കീ. 45:7) ക്രിസ്തുവിന്റെ അഭിഷേകത്തിന്റെ സൂച നയാണ്. സൈത്ത്കൊണ്ടുള്ള അഭിഷേകം വഴി, സ്നാനാർത്ഥി, സാക്ഷാൽ ഒലിവായ (സൈത്ത്) ക്രിസ്തുവിനോട് ഒട്ടിച്ച് ചേർക്കപ്പെടുന്നു (റോമൻ 11:17).

കാതോലിക്കേറ്റിന്റെ കീഴിലെ പാരമ്പര്യം അനുസരിച്ച് മലങ്കരയിൽ നെറ്റി യിൽ തൈലം കൊണ്ട് മുദ്രയിടുക മാത്രം ചെയ്യുന്നു. എന്നാൽ അന്ത്യോഖ്യൻ സഭയുൾപ്പെടെ മിക്ക ഓർത്തഡോക്സ് സഭകളിലും സൈത്ത് കൊണ്ട് ദേഹം മുഴുവൻ അഭിഷേകം ചെയ്യുന്ന രീതിയും നിലവിലുണ്ട്.

8.3. മൂന്നാമത്തെ മുദ്ര വി. മൂറോൻ കൊണ്ട് നൽകുന്നു. തുടർന്ന് മാമോ ദീസായേറ്റയാളിന്റെ ശരീരം മുഴുവനും അഭിഷേകം ചെയ്യുന്നു. മിശിഹായുടെ പരിമള വാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും, വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമായ വി. മൂറോനാൽ മുദ്രകുത്തപ്പെടുന്നു." എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് നെറ്റിയിൽ മുദ്രയിടുന്നത്. യേശു ക്രിസ്തുവിന്റെ അടയാളം നെറ്റിയിൽ വരയ്ക്കുന്നു. വി. മാമോദീസായിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചതിന്റെ അടയാളവുമാണിത്.

9. മാമോദീസായ്ക്കു ശേഷം വെള്ള വസ്ത്രം ധരിപ്പിക്കുന്നതിന്റെ കാരണം എന്ത്?

മാമോദീസായിൽ പ്രാപിച്ച പുതുക്കത്തിന്റെയും, പാപമോചനത്തിന്റെയും, വിശുദ്ധിയുടെയും അടയാളമാണ് വെള്ളവസ്ത്രം, അന്ധകാരത്തിൽ നിന്നും വിടുതൽ പ്രാപിച്ച് 'പ്രകാശവസ്ത്രം' ധരിക്കുന്നു എന്ന് അർത്ഥമാക്കുന്നു.

10. ഒന്നിൽ കൂടുതൽ കുട്ടികൾ മാമോദീസായ്ക്ക് ഉണ്ടെങ്കിൽ ഏത് ക്രമത്തിലാണ് മാമോദീസാ നൽകുന്നത്? എന്തുകൊണ്ട്.?

പ്രായമനുസരിച്ച് ആൺകുട്ടികളെയും തുടർന്ന് പെൺകുട്ടികളെയും സ്നാന പ്പെടുത്തുന്നു. എല്ലാവർക്കുമായി ഒരുമിച്ച് വെള്ളം വാഴ്ത്താമെങ്കിലും, വാഴ്ത്തിയ വെള്ളം പാത്രത്തിൽ പകർന്ന് വെച്ച്, ഓരോ കുട്ടിക്കും പ്രത്യേകം വെള്ളം ഉപ യോഗിക്കണം. ഒരു കുട്ടിയെ മാമോദീസാമുക്കിയ ശേഷം, ആ വെള്ളം തുറന്ന് വിട്ടതിനുശേഷം, വാഴ്ത്തിയ വെള്ളം മാമോദീസാ തൊട്ടിയിൽ ഒഴിച്ച് അടുത്ത കുട്ടിയെ മുക്കണം.

'സകലവും ഉചിതമായും ക്രമമായും നടക്കട്ടെ' (1 കൊരിന്ത്യർ 14:39) എന്ന് വി.പൗലോസ് പറയുന്നതുപോലെ പ്രായക്രമം പിന്തുടരേണ്ടതാണ്. വി. കുർബ്ബാന സ്വീകരിക്കുന്നത് പുരുഷന്മാർ, സ്ത്രീകൾ എന്നീ ക്രമത്തിൽ ആണല്ലോ? ആ മാതൃകയാണ് മാമോദീസയിലും പിന്തുടരുന്നത്.

11. മാമോദീസാ ഏറ്റ വ്യക്തിയെ കിരീടം ധരിപ്പിക്കുന്നതും വി. മദ്ബഹായിൽ പ്രവേശിപ്പിക്കുന്നതും എന്തുകൊണ്ട്?

മാമോദീസായേറ്റയാൾ അന്ധകാരശക്തികളുടെ മേൽ വിജയം നേടിയ പോരാളി എന്ന അർത്ഥത്തിലാണ് കിരീടം ധരിപ്പിക്കുന്നത്. സ്വർഗ്ഗത്തിൽ ലഭ്യ മാക്കുന്ന പ്രതിഫലത്തിന്റെ സൂചനയാണിത്. ആ പ്രതിഫലത്തിനാണ് വി. പൗലോസ് 'വാടാത്തകിരീടം' (1 കൊരി 9:25), നീതിയുടെ കിരീടം (2 തീമോ 4:8) എന്നും, തേജസ്സിന്റെ വാടാത്തകിരീടം (1 പത്രോസ് 5:4) എന്നും, 'ജീവകി രീടം (യാക്കോബ് 1:12, വെളി 2:10) എന്നും പറഞ്ഞിരിക്കുന്നത്.

അഭിഷേകം വഴി മാമോദീസായേറ്റയാൾ 'രാജകീയ പുരോഹിത വർഗ്ഗത്തിലെ അംഗമായിത്തീരുന്നു (1 പത്രോ 2:9) രാജകീയ പദവിയുടെ അട യാളം കൂടിയാണ് കിരീടം. പൗരോഹിത്യപദവി ലഭ്യമായതിന്റെ അടയാളമാ യിട്ടാണ് മദ്ബഹായിൽ പ്രവേശിപ്പിക്കുന്നത്. മാമോദീസായേറ്റയാൾ "ജീവന്റെ മേശ'യെ സമീപിക്കുവാൻ അർഹനായിത്തീരുന്നു ആദിമസഭയിൽ വിശ്വാസി കൾ ത്രോണോസിന്റെ അടുക്കൽ ചെന്നാണ് വി.കുർബ്ബാന അനുഭവിച്ചിരുന്ന ത്.

12. മാമോദീസായിൽ വി.മൂറോൻ ഉപയോഗിക്കുന്നത് എന്തിന്?

ക്രിസ്തീയ മാമോദീസായുടെ ഉത്ഭവം ക്രിസ്തുവിന്റെ മാമോദീസായിലാ ണ്. യോർദ്ദാനിൽവെച്ച് ക്രിസ്തുവിന്റെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങിയതിനെ അഭിഷേകമായിട്ടാണ് പുതിയ നിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. (ലൂക്കോസ് 4:17-19; അപ്പൊ. പ്രവ: 10:38, 4: 27). ക്രിസ്തീയ മാമോദീസാ, ക്രിസ്തുവിന്റെ മാമോദിസായിലുള്ള പങ്കാളിത്തം കൂടിയാണ്. തന്റെ യഥാർത്ഥ മാമോദീസാ, പീഡാനുഭവവും, കുരിശുമരണവുമാണല്ലോ (മർക്കോസ് 10:38). യോർദ്ദാനിൽ ക്രിസ്തു സ്വീകരിച്ച സ്നാനത്തിൽ, ജലസ്നാനവും, പരിശുദ്ധാത്മാവിന്റെ അഭി ഷേകവും ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ക്രിസ്തീയ മാമോദീ സായിൽ ജലസ്നാനത്തോടൊപ്പം, അഭിഷേകവും നൽകുന്ന രീതി പുതിയ നിയമ കാലത്തുതന്നെ ഉണ്ടായിരുന്നു. (1 യോഹ 2:20;27; 2 കൊരി 1:21-22; എഫെ. 1:14; 4:30) വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിക്കുന്നു. കാരണം, മാമോദീസാ, വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നുമുള്ള വീണ്ടും ജനനം ആണല്ലോ (യോഹ 3:3-5). അഭിഷേകത്തിന്റെ പ്രാധാന്യം കണക്കി ലെടുത്ത് സുഗന്ധ തൈലം അതായത് വി. മൂറോൻ ഉപയോഗിച്ച് തുടങ്ങി. ക്രി സ്തുവിന്റെ സൗരഭ്യം (2 കൊരി. 2:15) ലഭിക്കുന്നു എന്ന അർത്ഥം ഇതിനും

നൽകാവുന്നതാണ്.

13. കുഞ്ഞിനെ എടുത്ത് കൊണ്ട് നിൽക്കേണ്ടത് തല തൊടുന്ന ആൾ തന്നെയാണോ? എങ്ങനെ പിടിക്കണം?

തല തൊടുന്ന ആൾ കൈകളിൽ എടുത്തുകൊണ്ട് നിൽക്കുന്ന രീതിയാണ് സാധാരണ ഉള്ളത്. എന്നാൽ കുഞ്ഞ് കരയുന്നുവെങ്കിൽ അമ്മയോ, മറ്റു സ്ത്രീകളോ എടുക്കുന്നതിൽ തെറ്റില്ല. എന്നാൽ 'സാത്താനെ ഉപേക്ഷിക്കുന്നു, മശിഹായേ സ്വീകരിക്കുന്നു' എന്നീ പ്രഖ്യാപനങ്ങളുടെ സമയത്ത്, തല തൊടുന്നയാൾ കുഞ്ഞിന്റെ കൈകളിൽ പിടിച്ച് കൊണ്ട് വേണം ഏറ്റുചൊല്ലുവാൻ. ഏതാനും മാസങ്ങൾ പ്രായമുള്ള കുഞ്ഞാണെങ്കിൽ വ്യക്തമായവിധത്തിൽ കൈകളിൽ എടുത്തുകൊണ്ട് നിൽക്കണം. വെള്ളം വാഴ്വിന്റെ സമയത്ത് മാത്രം കുഞ്ഞിന്റെ വസ്ത്രങ്ങൾ മാറ്റിയാൽ മതിയാവും.

14. മാമോദീസായ്ക്കുശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ.?

കുഞ്ഞിന് വി. മൂറോൻ അഭിഷേകം നൽകുന്നതിനാൽ, അന്നേദിവസം അവിശ്വാസികളോ അക്രൈസ്തവരോ എടുക്കുന്നതിനേ നമ്മുടെ സഭ വിലക്കുന്നു. അഭിഷേകത്തിന് ശേഷം കുഞ്ഞിനെ ധരിപ്പിക്കുന്ന വസ്ത്രങ്ങൾ ശുദ്ധജലത്തിൽ കഴുകി ചവിട്ടാത്ത സ്ഥലത്ത് വെള്ളം ഒഴുക്കിക്കളയണം.അതുപോലെ അന്നേ ദിവസം കുഞ്ഞിനെ കുളിപ്പിക്കുന്ന വെള്ളവും ശ്രദ്ധാപൂർവ്വം ഒഴുക്കികളയണം.

15. ഇടവകപ്പള്ളിയല്ലാതെ മറ്റു പള്ളികളിൽ വച്ച് മാമോദീസാ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

മാമോദീസാ നടക്കുന്ന പള്ളി വികാരിയോട് നേരത്തെ സംസാരിച്ച് സമയം, കാർമ്മികൻ തുടങ്ങിയ കാര്യങ്ങളിൽ ധാരണ ഉണ്ടാക്കണം. ഇടവകവികാരി മുഖേന ഇതു ചെയ്യുന്നതായിരിക്കും യുക്തം. ഇടവക വികാരിയിൽ നിന്നും എഴുത്തു വാങ്ങിയിരിക്കണം.

16. സാധാരണ മാമോദീസാ ക്രമത്തിൽ നിന്നും ഒഴിവ് നൽകിയിരിക്കുന്നത് ആർക്കൊക്കെ?

സാധാരണ മാമോദീസാ ക്രമത്തിൽ നിന്നും ഒഴിവ് നൽകിയിരിക്കുന്നത് കുഞ്ഞ് അതീവ രോഗാവസ്ഥയിൽ ആണെങ്കിൽ മാത്രമാണ്. വീട്ടിലോ, ആശുപത്രിയിലോ വെച്ച് പുതിയ ബേസിനിൽ വെള്ളം വാഴ്ത്തി മാമോദീസാ നൽകാവുന്നതാണ്. സന്ദർഭത്തിന്റെ ഗൗരവം അനുസരിച്ച് ഗീതങ്ങൾ പ്രൊമിയോൻ-സെദ്റ എന്നിവ ഒഴിവാക്കാവുന്നതാണ്.

മൂറോൻ അഭിഷേകം നൽകുവാൻ സാധിക്കുന്നില്ലെങ്കിൽ, കുഞ്ഞ് ആരോഗ്യം വീണ്ടെടുക്കുമ്പോൾ ദേവാലയത്തിൽ വെച്ച്, അഭിഷേകവും വി. കുർബ്ബാനയും നൽകാവുന്നതാണ്. സന്ദർഭത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രവർത്തിക്കുവാൻ കാർമ്മികന് അനുവാദമുണ്ട്.

17. മാമോദീസായിൽ ഒന്നിലധികം വൈദികർ പങ്കെടുക്കുമ്പോൾ ഒരാൾ പ്രാരംഭ പ്രാർത്ഥനകളും മറ്റും നടത്തുകയും അപരൻ വെള്ളം വാഴ്ത്തുകയും മറ്റും ചെയ്യാമോ?

ഒരിക്കലും പാടില്ല. വി. കുർബ്ബാനയിൽ ഒരു വൈദികൻ തൂയോബോ മുതൽ അവസാനം വരെയുള്ള കർമ്മങ്ങളും പ്രാർത്ഥനകളും നടത്തുന്നതുപോലെ മാമോദീസായിൽ ഓരോന്നും ക്രമമായി ചെയ്യുക. എന്നാൽ ഒന്നിലധികം വൈദികർ ഉണ്ടെങ്കിൽ, നെറ്റിയിലെ മുദ്ര, സൈത്ത് കൊണ്ടുള്ള മുദ്ര എന്നിവ ഓരോരുത്തരായി ചെയ്യാവുന്നതാണ്.

18. മാമോദീസായിൽ സൗകര്യാർത്ഥം വെള്ളം നേരത്തെ വാഴ്ത്തി വെച്ച് ഉപയോഗിക്കാമോ?

ഇതും അനുവദനീയമല്ല. ആരംഭം മുതലുള്ള ഓരോ കർമ്മങ്ങളും അവയുടെ ക്രമമനുസരിച്ച് ചെയ്യണം. കഴിഞ്ഞ തലമുറയിൽ ആരെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, അജ്ഞതയും അലംഭാവവും നിമിത്തം സംഭവിച്ചതാണ്.

SDOF തോട്ടയ്ക്കാട് മാർ അപ്രേം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ വർഷം പരിസ്ഥിതി ദിനത്തിൽ നട്ട ഫലവൃക്ഷങ്ങളിൽ നിന്നുള്ള വിളവെടുപ്പിന്റെ ഉദ്ഘാടനം SDOF കോട്ടയം ഭദ്രാസന വൈസ് പ്രസിഡണ്ടും ഇടവക വികാരിയുമായ ഫാ. കെ. സി. ഫീലിപ്പോസ് നിർവ്വഹിക്കുന്നു. അസി. വികാരി ഫാ. മാത്യു കുരുവിള, SDOF കോട്ടയം ഭദ്രാസന ട്രഷറർ ജിബു കളപ്പുരയ്ക്കൽ, യൂണിറ്റ് സെക്രട്ടറി റോയി ജോൺ എന്നിവർ സമീപം.

സങ്കീർത്തന ധ്യാനം ...

(ഒന്നാം പേജിൽ നിന്നും തുടർച്ച)

മാണെന്നും, അനീതി പലപ്പോഴും ശക്തിമായി ബലപ്പെടുത്തുന്നുവെന്നും ദൈവത്തിന്റെ ഇടപെടൽ വൈകുന്നുവെന്നും നാം സംശയിക്കുന്നുണ്ടാവാം!.

ദൈവത്തെ നിഷേധിക്കുന്ന ജനതതിയുടെ നാശവും ദൈവവിരുദ്ധരുടെ തകർച്ചകളും എന്തേ വൈകുന്നതെന്ന് ചോദിക്കുന്നുണ്ടാവാം? പെയ്തൊഴിയാതെ നിൽക്കുന്ന സങ്കടത്തിന്റെ മദ്ധ്യത്തിലെ പരിഭവങ്ങൾ ഭക്തൻ അവസാനിപ്പിക്കുന്നതെന്തേ? എന്ന വിചാരം ഉണ്ടായേക്കാം! ലോകത്തിലെ അനീതിയും ദുഷ്ടതയും കണ്ട് നിരാശപ്പെടാതെ, ദൈവത്തിന്റെ നീതിയിൽ ആശ്രയിക്കുമ്പോൾ, മനുഷ്യജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പോരാട്ടങ്ങളെയും ശത്രുപരീക്ഷകളെയും നിർഭയം തരണം ചെയ്യുവാൻ നമുക്ക് കഴിയും.

The safest place in all the world is in the will of God and the Safest protection in all the world is the name of God."

❑

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

Independence Day

Oh! The sweet feel of freedom
Waborn...This August day
All those years ago..Back in 1947..

They fought hard..
Little men..with voices great
Not letting go of that dream
That dream ..Of a land free and sovereign
Breaking free ..From those shackles

A lot of lives..They were sacrificed
At the altar of freedom
But nothing..
Nothing could push them back
Lead by The Mahatma..
That great soul..
A picture of Ahimsa.. A picture of patience
Slowly but surely ..They had to let go..

And on that August midnight
When the world slept
India awakened to a free morn
Breaking free from the clutches
Of those colonial powers..

- Dr. John Abraham
Consultant Urologist and
HOD Division of Urology
Little Flower Hospital, Angamaly

ഒരു പുതിയ മനുഷ്യരൂപം: Homo Content

(A New Human Condition)

AI യുഗത്തിൽ മനുഷ്യനെക്കുറിച്ചുള്ള സഭയുടെ പുനർവിചിന്തനം

(From Content to Communion: Re-thinking the Human Person in the Age of Artificial Intelligence)

ഫാ. ഗീവർഗീസ് ബേബി ഇടമറുക്

ഓരോ സംസ്കാരവും (Culture) ഒരു പ്രത്യേക മനുഷ്യരൂപത്തെ (Human Type) രൂപപ്പെടുത്തുന്നു. ചരിത്രത്തിലുടനീളം മനുഷ്യനെ വിവിധ പേരുകളിൽ വിശേഷിപ്പിച്ചിട്ടുണ്ട്. ചിന്തിക്കുന്ന മനുഷ്യൻ (Homo sapiens), ഉപകരണങ്ങൾ നിർമ്മിക്കുന്ന മനുഷ്യൻ (Homo faber), സാമ്പത്തിക മനുഷ്യൻ (Homo economicus), ഡിജിറ്റൽ മനുഷ്യൻ (Homo digitalis) ഇവയെല്ലാം ഓരോ കാല ഘട്ടവും മനുഷ്യനെ എങ്ങനെ മനസ്സിലാക്കി എന്നതിന്റെ സൂചനകളാണ്.

നമ്മുടെ കാലവും നിശ്ശബ്ദമായി ഒരു പുതിയ മനുഷ്യരൂപത്തെ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണോ?

ഈ ചോദ്യത്തിന് മറുപടിയായി, അന്തിമമായ ഒരു നിർവചനമെന്ന നിലയിലല്ല, മറിച്ച് ഒരു സാമൂഹ്യ-ദൈവശാസ്ത്രപരമായ (Socio-Theological) നിരീക്ഷണമെന്ന നിലയിൽ, ഒരു പുതിയ ആശയം നിർദ്ദേശിക്കാം: Homo Content.

ഈ പദം ഒരു വ്യക്തിയെ അപമാനിക്കാനോ, ഡിജിറ്റൽ സംസ്കാരത്തെ കുറ്റപ്പെടുത്താനോ വേണ്ടിയല്ല. മറിച്ച്, നമ്മുടെ കാലത്ത് മനുഷ്യൻ സ്വയം മനസ്സിലാക്കുന്ന രീതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സൂക്ഷ്മമായ മാറ്റത്തെ തിരിച്ചറിയാനാണ്.

ഇന്ന് മനുഷ്യൻ തന്റെ ജീവിതം ജീവിക്കുക മാത്രമല്ല; അത് നിരന്തരം അവതരിപ്പിക്കുകയും (Presentation), രേഖപ്പെടുത്തുകയും (Documentation), പങ്കുവയ്ക്കുകയും (Sharing), പ്രതികരണങ്ങൾക്കായി കാത്തിരിക്കുകയും ചെയ്യുന്നു. അനുഭവങ്ങൾ പലപ്പോഴും ഓർമ്മകളാകുന്നതിനു മുമ്പേ ഉള്ളടക്കങ്ങളായി (Content) മാറുന്നു. ബന്ധങ്ങൾ പലപ്പോഴും സാന്നിധ്യത്തിലല്ല, ദൃശ്യതയിലാണ് (Visibility) അളക്കപ്പെടുന്നത്. മനുഷ്യൻ ആരാണെന്നതിനേക്കാൾ, എങ്ങനെ പ്രത്യക്ഷപ്പെടുന്നു എന്നതാണ് കൂടുതൽ ശ്രദ്ധിക്കപ്പെടുന്നത്.

ഇവിടെ പ്രശ്നം 'Content' അല്ല. മനുഷ്യസംസ്കാരത്തിന്റെ വളർച്ചയിൽ ആശയവിനിമയത്തിനും അറിവിന്റെ പങ്കുവെക്കലിനും ഉള്ളടക്കങ്ങൾക്ക് എന്നും പ്രധാന സ്ഥാനമുണ്ട്. പ്രശ്നം ആരംഭിക്കുന്നത്, മനുഷ്യൻ ഉള്ളടക്കം സൃഷ്ടിക്കുന്നവനിൽ നിന്ന് സ്വയം ഒരു ഉള്ളടക്കമായി മാറുമ്പോഴാണ്.

ഒരു വ്യക്തി ഒരു ചിത്രമോ പുസ്തകമോ പ്രഭാഷണമോ സൃഷ്ടിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ ഒരാൾ തന്റെ അസ്തിത്വത്തെ (Being) തന്നെ നിരന്തരം പ്രദർശിപ്പിക്കപ്പെടേണ്ട ഒരു ഉൽപ്പന്നമായി (Product) മനസ്സിലാക്കിത്തുടങ്ങുമ്പോൾ, മനുഷ്യനെക്കുറിച്ചുള്ള നമ്മുടെ അടിസ്ഥാനബോധത്തിൽ ഒരു മാറ്റം സംഭവിക്കുന്നു.

ശ്രദ്ധയുടെ സമ്പദ്‌വ്യവസ്ഥ (Attention Economy) ഈ മാറ്റത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഇവിടെ ശ്രദ്ധ (Attention) ഒരു മനുഷ്യബന്ധമല്ല; ഒരു സാമ്പത്തിക മൂല്യമാണ്. കൂടുതൽ ശ്രദ്ധ നേടുന്നവൻ കൂടുതൽ സ്വാധീനമുള്ളവനാകുന്നു. ഈ സാഹചര്യത്തിൽ, മനുഷ്യന്റെ മൂല്യം അവന്റെ സ്വഭാവത്തിൽ (Character) നിന്നല്ല, അവൻ സൃഷ്ടിക്കുന്ന ദൃശ്യപ്രഭാവത്തിൽ (Visibility) നിന്നാണ് വിലയിരുത്തപ്പെടാനുള്ള സാധ്യത വർധിക്കുന്നത്.

ഈ നിരീക്ഷണം ഒരു തലമുറയെ വിമർശിക്കുന്നതല്ല. കാരണം ഈ സംസ്കാരത്തിന്റെ ഭാഗമാണ് നാമെല്ലാവരും. ഈ ലേഖനം എഴുതുന്നവനും വായിക്കുന്നവനും ഒരേ ചോദ്യത്തിന്റെ മുമ്പിലാണ് നിൽക്കുന്നത്.

നമ്മൾ ഉള്ളടക്കങ്ങൾ (Contents) ഉപയോഗിക്കുന്ന മനുഷ്യരാണോ, അതോ അറിയാതെ ഉള്ളടക്കങ്ങളായി മാറിക്കൊണ്ടിരിക്കുന്ന മനുഷ്യരാണോ?

ഈ ചോദ്യത്തിന് സഭയുടെ മറുപടി സാങ്കേതികവിദ്യയിൽ നിന്ന് ആരംഭിക്കുന്നില്ല. അത് ആരാധനയിൽ (Liturgy) നിന്നാണ് ആരംഭിക്കുന്നത്.

കാരണം സഭ മനുഷ്യനെക്കുറിച്ചുള്ള തന്റെ ഏറ്റവും ആഴമുള്ള വിശ്വാസം പ്രസംഗപീഠത്തിൽ (Pulpit) മാത്രമല്ല പ്രഖ്യാപിക്കുന്നത്; വിശുദ്ധ കുർബാനയുടെ (Holy Communion) മേശയിലാണ് അതിനെ ജീവിക്കുന്നത്.

SDOF കട്ടിളപൂവം സെന്റ് മേരീസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹ ജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ ദമ്പതികളെ ആദരിച്ചു.

ഞാൻ കണ്ട ദൈവത്തിന് മീശ ഉണ്ടായിരുന്നു

ജീവിത സാക്ഷ്യം

ലിനി ജിമ്മി ജോൺ

(ജോയിന്റ് സെക്രട്ടറി, ബാംഗ്ലൂർ ഭദ്രാസനം)

ലോകത്തെ ഞാനോർക്കുന്നില്ല
കഷ്ടനഷ്ടമോർക്കുന്നില്ല
എപ്പോളെന്റെ കർത്താവിനെ
ഒന്നു കാണാമെന്നേയുള്ളു

യേശുവോ: "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു; സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ" എന്നു പറഞ്ഞു (മത്തായി 19:14).

രണ്ടാം ക്ലാസ്സിന്റെ വാർഷീക പരീക്ഷ അടുക്കാറായി. ഒരു ദിവസം സ്കൂളിൽ പോകാനായി രാവിലേ എഴുന്നേറ്റപ്പോൾ തലയ്ക്കു നല്ല ഭാരം, വേദന പോലെ. അമ്മയോട് കാര്യം പറഞ്ഞു. തലയുടെ പുറകിലും അതിന് തൊട്ട് മുകളിലുമായി ഇരു വശങ്ങളിലും തോന്നിയ വേദനയ്ക്ക്; പെട്ടെന്ന് പൊട്ടി മുളച്ചത് പോലെ സാമാന്യം വലിപ്പമുള്ള 3 മുഴകൾ ആണ് കാരണം എന്ന് അമ്മ കണ്ടു പിടിച്ചു. അമ്മാമയുടെ (മാവി) ഭാഷയിൽ പറഞ്ഞാൽ ചിരട്ടയുടെ പാതി കമിഴ്ത്തി വെച്ചിരിക്കുന്നത് പോലെ 3 എണ്ണം.

അങ്ങനെ അന്നത്തെ സ്കൂളിൽ പോക്ക് മുടങ്ങി. അന്നൊക്കെ സ്കൂളിൽ പോകാൻ വലിയ ഇഷ്ടമായിരുന്ന എനിക്ക് ഒരു രോഗം മൂലം സ്കൂൾ Miss ആകുന്നതിനോളം സങ്കടം വേറെ ഇല്ലായിരുന്നു.

ഉച്ച കഴിഞ്ഞപ്പോൾ വേദനയുടെ കാഠിന്യം കൂടി. അപ്പൻ വൈകുന്നേരം ജോലി കഴിഞ്ഞു വീട്ടിൽ വന്നപ്പോൾ എന്നെ ചെന്നിത്തല അപ്പച്ചന്റെ

ഹോമിയോ ക്ലിനിക്കിൽ കൊണ്ട് പോയി. കുറെ മരുന്നുകൾ തന്നിട്ട് അപ്പച്ചൻ ഉറപ്പ് തന്നു, വേദന ഉടനെ മാറിക്കോളും. തിരിച്ചു വീട്ടിൽ വന്നപ്പോൾ അമ്മ ഒരൽപം ആകുലതയോടെ ചോദിക്കുന്നത് കേട്ടു. "അല്ലെങ്കിലേ ഇരുണ്ട നിറം. ഇനി ഇവൾക്ക് മുടിയും കൂടെ ഇല്ലാതിരുന്നാലത്തെ അവസ്ഥ എന്താവും". മുടി ഇനി വളരും എന്ന കാര്യത്തിൽ ഒരുറപ്പും പറയാൻ പറ്റില്ല എന്ന് അപ്പച്ചൻ പറഞ്ഞതിന്റെ പ്രതികരണം ആയിരുന്നു അത്.

അങ്ങനെ ഒന്ന് രണ്ട് ദിവസം കഴിഞ്ഞു. മരുന്നുകൾ വേദന കുറച്ചില്ല. ഓരോ ദിവസവും വേദന അതികഠിനമായി തോന്നി. ഇരു വശവും ചരിഞ്ഞു കിടക്കുന്നതു പോയിട്ട്, തല അനക്കാൻ പോലും പറ്റാതെ ആയി. അങ്ങനെ തലയിണയിൽ നെറ്റി പതിയേ താഴ്ത്തി ഞാൻ ഉറങ്ങാൻ ശീലിച്ചു. ആദ്യത്തെ കുറച്ചു ദിവസം ആ കിടപ്പ് നല്ല ബുദ്ധിമുട്ടായിരുന്നു. പിന്നീട് അത് ശീലമായി.

പിന്നീടുള്ള ദിവസങ്ങളിൽ ഉറങ്ങുക, കരയുക, കരഞ്ഞു ക്ഷീണിക്കുമ്പോൾ വീണ്ടും ഉറങ്ങുക എന്നതൊക്കെ ആയി എന്റെ ശീലങ്ങൾ. അങ്ങനെ കരഞ്ഞു തളർന്നിരുന്ന എന്നെ നോക്കി ഒരു ദിവസം അമ്മ പറഞ്ഞു, "നീ പ്രാർത്ഥിക്ക് വേദന എല്ലാം മാറും." രക്ഷിക്കണേ എന്ന വാക്കിൽ അവസാനിക്കുന്ന കുറെ വാചകങ്ങൾക്ക് ഉപരിയായി ഒരു personal prayer എനിക്കന്നു പരിചയവും ഇല്ല. അതുകൊണ്ടു അന്ന് രാത്രി എന്ത് പ്രാർത്ഥിച്ചു എന്ന് എനിക്ക് ഓർമ്മയില്ല. അടുത്ത ദിവസം അമ്മാമ ഒരൽപം കൂടെ വ്യക്തമാക്കി പറഞ്ഞു, "നീ ദൈവത്തോടു പറയണം നിന്നെ വന്നു തൊട്ടു സൗഖ്യമാക്കാൻ, അപ്പോൾ എല്ലാം ശരിയാവും." അന്ന് ഞാൻ പ്രാർത്ഥിക്കാൻ തീരുമാനിച്ചു. എന്നെ ഒന്ന് വന്നു തൊടണേ ദൈവമേ എന്ന് വളരെ ആഗ്രഹിച്ചു യാചിച്ചു. നേരം പുലർന്നപ്പോൾ അമ്മയോട് ചോദിച്ചത് ദൈവം എന്താണ് രാത്രി വരാഞ്ഞത് എന്നാണ്. 3 വയസ്സുള്ള എന്റെ ഇളയ സഹോദരനെ ശുശ്രൂഷിക്കുന്ന തിരക്കിൽ അമ്മ അത് കേട്ടില്ല, അല്ലെങ്കിൽ കേട്ടതായി നടിച്ചില്ല. ഒരു രാത്രി കൂടെ ഇത് ആവർത്തിച്ചു. അടുത്ത ദിവസം അമ്മയോട് ചോദിച്ചപ്പോൾ അമ്മ പറഞ്ഞു, കുറച്ചൂടെ ശക്തമായി പ്രാർത്ഥിക്കൂ, ഇന്ന് രാത്രി വരും.

അന്ന് വേദനയുടെ കാഠിന്യത്തിലും, ഞാൻ കാത്തിരുന്നത് രാത്രി ആവാൻ ആയിരുന്നു. പ്രാർത്ഥിച്ചു കിടന്നു, പിന്നീടെപ്പോഴോ ഞാൻ ഉറക്കത്തിൽ ആണ്ടു. പെട്ടെന്ന് ഞാൻ ഒരു പ്രകാശം കണ്ടു. കൂടെ പരിചിതമല്ലാത്ത ഒരു മണി മുഴക്കവും കേട്ടു. മേഘപാളികളെ പകുത്തു മാറ്റി ഒരു വാഹനം വരുന്നു. രഥം ആണോ, അറിയില്ല. അതിൽ നിന്ന് ഒരു വലിയ മീശക്കാരൻ ഇറങ്ങി (ഞാൻ അറിഞ്ഞ അടിസ്ഥാന ദൈവീക പാഠങ്ങൾ എന്നെ പഠിപ്പിച്ചത്, ക്രിസ്തുവിന്റെ രണ്ടാം വരവ് ഒരു കള്ളനെ പോലെ എന്നാണ്, അന്ന് വരെ വായിച്ച ചിത്രകഥാ പുസ്തകങ്ങളിലെ കള്ളന് മീശയുണ്ടായിരുന്നതും, അന്നത്തെ കള്ളന്മാർ എല്ലാം മോഷ്ടിക്കാൻ ഇറങ്ങിയിരുന്നത് രാത്രിയിൽ ആയിരുന്നത് കൊണ്ടും ആവാം ഇങ്ങനെ ഒരു ചിന്ത). അദ്ദേഹം താഴെ വന്നു എന്റെ തലയുടെ വലതു വശത്തു തൊട്ടു. കൈമുട്ട് അറിയാതെ എവിടെ എങ്കിലും ഇടിച്ചാൽ ഉണ്ടാകുന്ന ഒരു തരം തരിപ്പ്, എനിക്ക് തലയുടെ വലതു ഭാഗത്തു മാത്രം അനുഭവപ്പെട്ടു. അതിനുശേഷം അദ്ദേഹം തിരികെ തന്റെ വാഹനത്തിൽ കയറി പോയി. ആ

പോകുന്ന കാഴ്ച കണ്ടു നിൽക്കുമ്പോൾ ഒരൽപ്പം സങ്കടത്തോടെ ഞാൻ ഓർത്തു, അതെന്താണ് ഒരു വശത്തു മാത്രം തൊട്ടത്. ആ വാഹനത്തിന്റെ ശബ്ദം വീണ്ടും എന്റെ കാതുകളിൽ പതിഞ്ഞു. അതേ മീശക്കാരൻ രണ്ടാമതും പിന്നീട് മൂന്നാമതും വന്ന് എന്റെ മറ്റു രണ്ടു മുഴകളിലും തൊട്ടു. മൂന്നാം പ്രാവശ്യം പോയതിനു ശേഷം തിരികെ വന്നില്ല.

നേരം വെളുത്തു. ഞാൻ അമ്മയോടും അമ്മാമയോടും; ഇന്നലെ ദൈവം വന്നിരുന്നു എന്ന് പറഞ്ഞു. ആരും അത് അത്ര കാര്യമാക്കിയില്ല. പിന്നീടുള്ള 3 ദിവസത്തിനുള്ളിൽ എനിക്ക് പൂർണ്ണ സൗഖ്യം വന്നപ്പോൾ അവർ രണ്ടു പേരും എന്നോട് കാര്യങ്ങൾ ചോദിച്ചു, ഞാൻ പറഞ്ഞത് എല്ലാം സാവധാനം കേട്ടു. കളികളിൽ മുഴുകി ഇരുന്ന ഞാൻ, വളരെ ലാഘവത്തോടെ അതെല്ലാം പറഞ്ഞു തീർന്നപ്പോൾ അവർ എന്ത് മറുപടി പറഞ്ഞെന്നോ അവരുടെ മുഖ ഭാവം എന്തെന്നോ ശ്രദ്ധിച്ചിരുന്നില്ല.

ദൈവ സാമീപ്യവും അവന്റെ കരവലയത്തിന്റെ സംരക്ഷണവും (പാപം മൂലം ഉണ്ടാകാവുന്ന വൻ വീഴ്ചകളിൽ നിന്ന്, ദൈവം ഇഷ്ടപ്പെടാത്ത ചില സ്ഥലങ്ങളിൽ നിന്ന്, വ്യക്തികളിൽ നിന്ന്, സാഹചര്യങ്ങളിൽ നിന്ന്) ഞാൻ അവന് എന്തുകൊണ്ടോ പ്രീയപ്പെട്ടവൾ എന്നും ഒക്കെ ഓർമ്മപ്പെടുത്തുന്ന ചെറുതും വലുതുമായ അനവധി അദ്ഭുദങ്ങൾ നിറഞ്ഞ എന്റെ ഈ ചെറു ജീവിതത്തിൽ; ബാല്യത്തിന്റെ നിഷ്കളങ്കത - കൗമാരത്തിന്റെ അറിവുകൾക്കും ധാർഷ്ട്യത്തിനും, യൗവനത്തിന്റെ ബോധ്യങ്ങൾക്കും ഉത്തരവാദിത്തങ്ങൾക്കും വഴി മാറി കൊടുത്തത് കൊണ്ടാവാം പിന്നീടൊരിക്കലും ഞാൻ ആ മീശക്കാരനെ കണ്ടിട്ടില്ല.

എന്നാൽ പിന്നീട്, മുഖം വ്യക്തമല്ലാത്ത, വെൺമേഘത്തിനു തുല്യമായ ഉടലുള്ള, ശുഭ്രവസ്ത്രധാരികളായ, പ്രശോഭയാർന്ന വെള്ളിച്ചിറകുള്ള ചിലരെ സ്വപ്നങ്ങളിലും ; വിശ്വസ്തതയും ആത്മാർത്ഥ സ്നേഹവും കരുതലും മുതൽക്കൂട്ടാക്കിയ വ്യകതമായ മുഖം ഉള്ള ചില മനുഷ്യരെ ജീവിതത്തിലും കണ്ടിട്ടുണ്ട്.

സാധു കൊച്ചുകുഞ്ഞു ഉപദേശിയുടെ ആ വരികളിൽ ഒരൽപം മാറ്റം വരുത്തി ഞാൻ ഇന്ന് പാടട്ടെ

ലോകത്തെ ഞാനോർക്കുന്നില്ല
കഷ്ടനഷ്ടമോർക്കുന്നില്ല
എപ്പോളെന്റെ കർത്താവിനെ
ഇനിയും കാണാമെന്നേയുള്ളു

NB: ഇടതൂർന്ന നീളൻ മുടി എനിക്ക് ഉണ്ടായെങ്കിലും; ദൈവവുമായുള്ള എന്റെ encounter ന്റെ അടയാളം എന്നോണം ഒരു വിരൽ തുമ്പിന്റെ വലിപ്പത്തിൽ തലയുടെ പുറകിൽ, മുടി കിളിർക്കാത്ത ഒരു ഭാഗം ഇന്നും എനിക്ക് ഉണ്ട്.

ദൈവ നാമം മാത്രം മഹത്വപ്പെടുമാറാകട്ടെ.

❑





SDOF കറ്റാനം യൂണിറ്റിന്റെ ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കുടുംബസംഗമത്തിന്റെ പ്രവേശന കൂപ്പണിന്റെ ആദ്യ വിൽപ്പന ഇടവക വികാരി ഫാ. സോനു ജോർജിന്റെ സാനിധ്യത്തിൽ അസിസ്റ്റന്റ് വികാരി, ഫാ. ജോൺ കെ. തോമസ് ഇടവകാംഗമായ കല്ലൂർ ചിക്കുവില്ലയിൽ തോമസ് ഡാനിയേലിന് ആദ്യ കൂപ്പൺ നൽകി ഉദ്ഘാടനം നിർവഹിച്ചു. പ്രോഗ്രാം കൺവീനർ സബീഷ് വർഗീസ്, യൂണിറ്റ് ട്രെഷറർ എബ്രഹാം ടി., സെക്രട്ടറി സാജു ജോർജ്, എക്സിക്യൂട്ടീവ് അംഗം ലിബു വർഗീസ് എന്നിവർ പങ്കെടുത്തു.